**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1650** **02-02-2024 - ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ തിരുവാണിയൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ കേരഗ്രാമം പദ്ധതിയിലൂടെ എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിലെ തിരുവാണിയൂർ കേരഗ്രാമത്തിനു ഒന്നാം വർഷവും (2022 -23) രണ്ടാം വർഷവും (2023-24) നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി കണ്ടാലും. |
| (ബി) | പ്രസ്തുത പദ്ധതിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | കുന്നത്തുനാട് മണ്ഡലത്തിലെ കേരഗ്രാമത്തിനു ഇതുവരെ അനുവദിച്ച തുകയും വിനിയോഗിച്ച തുകയും ചുവടെ ചേർക്കുന്നു.<br><br>ഒന്നാം വർഷം - അനുവദിച്ച തുക Rs.22,97,000/-<br><br>വിനിയോഗിച്ച തുക - Rs. 22,97,000/-<br><br>രണ്ടാം വർഷം - അനുവദിച്ച തുക Rs.8,00,000 /-<br><br>വിനിയോഗിച്ച തുക - Rs. 8,00,000/- |
| (സി) | പ്രസ്തുത മണ്ഡലത്തിലെ കൂടുതൽ ഗ്രാമപഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | തുടർച്ചയായ 100 ഹെക്ടർ തെങ്ങിൻ പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. കീട രോഗബാധ കൂടുതൽ ഉള്ള പ്രദേശത്തിന് മുൻഗണന നൽകുന്നതാണ്. കുന്നത്തുനാട് മണ്ഡലത്തിലെ കൂടുതൽ പഞ്ചായത്തുകളിൽ മാനദണ്ഡങ്ങൾ പാലിച്ച് കേരഗ്രാമം പദ്ധതി വരും വർഷങ്ങളിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| തിരുവാണിയൂർ കേരഗ്രാമം ഒന്നാം വർഷം റിപ്പോർട്ട് 2022 -23 | | | |
|---|---|---|---|
| ക്രമ നം | പ്രവർത്തി ഇനം | ഭൗതിക നേട്ടം | വിനിയോഗിച്ച തുക (രൂപയിൽ ) |
| 1 | തെങ്ങിൻ തടം തുറക്കൽ | 17500 തെങ്ങുകൾ | 612500 |
| 2 | കുമ്മായം | 17500 തെങ്ങുകൾ | 157500 |
| 3 | രാസ വളം | 17500 തെങ്ങുകൾ | 350000 |
| 4 | മഗ്നീഷ്യം സൾഫേറ്റ് | 17500 തെങ്ങുകൾ | 65625 |
| 5 | ജൈവ വളം | 17495 തെങ്ങുകൾ | 437375 |
| 6 | കേടു വന്ന തെങ്ങു മുറിച്ചു മാറ്റൽ | 287 എണ്ണം | 287000 |
| 7 | തെങ്ങിൻ തൈ നടീൽ | 200 എണ്ണം | 10000 |
| 8 | ജലസേചന പമ്പ്സെറ്റ് | 50 എണ്ണം | 327975 |
| 9 | തെങ്ങുകയറ്റ യന്ത്രം | 8 എണ്ണം | 12025 |
| 10 | കൃഷി ഭവൻ പ്രവർത്തന ഫണ്ട് | 1 | 7000 |
| 11 | കേരസമിതികൾക്കുള്ള ധനസഹായം | 1 | 30000 |

| തിരുവാണിയൂർ കേരഗ്രാമം രണ്ടാം വർഷ റിപ്പോർട്ട് 2023-24 | | | |
|---|---|---|---|
| ക്രമ നം | പ്രവർത്തി ഇനം | ഭൗതിക നേട്ടം | വിനിയോഗിച്ച തുക (രൂപയിൽ ) |
| 1 | രാസവളവും ജൈവ വളവും | 17500 തെങ്ങുകൾ | 800000 |